2009, ഖുത്വ്ബ നമ്പര്‍-43

23.10.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# അല്‍ വലിയ്യു - അല്ലാഹുവിന്റെ ഗുണനാമം

അല്ലാഹു തആലയുടെ ഒരു സിഫത്ത് അല്‍വലിയ്യു എന്നതുമാണ്. വലിയ്യ് എന്നതിന് നിഘണ്ടുവില്‍ എഴുതിയിരിക്കുന്നത് ഇത് അല്ലാഹുവിന്റെ ഗുണനാമങ്ങളില്‍ പെട്ട ഒന്നാണ്. സഹായി എന്നതാണ് ഇതിന്റെ അര്‍ത്ഥം. സര്‍വ്വലോകത്തിന്റെയും സര്‍വ്വസൃഷ്ടികളുടേയും കാര്യങ്ങള്‍ നടത്തിക്കൊണ്ടുപോകുന്ന അസ്തിത്വമെന്നും അവന്‍ മുഖേനയാണ് ഇവയെല്ലാം നിലനില്‍ക്കുന്നതെന്നും ഈ പദത്തിന് ചിലര്‍ അര്‍ത്ഥം നല്‍കിയിട്ടുണ്ട്. അല്‍വാലീ എന്നതും അല്ലാഹുവിന്റെ സിഫത്തില്‍ പെട്ടതാണ്. സര്‍വ്വവസ്തുക്കളുടെയും ഉടമസ്ഥനും അതില്‍ നിയന്ത്രണം വെക്കുന്നവനുമായ അസ്തിത്വം എന്നതാണ് ഇതിനര്‍ത്ഥം. ഇബ്നു അസീര്‍ പറയുന്നു: വിലായത്ത് നടത്തുന്നത് തന്റെ ആസൂത്രണംകൊണ്ടും തന്റെ കഴിവുകൊണ്ടും തന്റെ പ്രവര്‍ത്തനങ്ങള്‍ കൊണ്ടുമാണ്. ഈ കാര്യങ്ങള്‍ ഉള്‍കൊള്ളാത്ത അസ്തിത്വത്തിന് വാലീ എന്ന് പറയുകയില്ല. ലിസാനുല്‍ അറബ് എന്ന ഗ്രന്ഥത്തിലാണ് ഇതുള്ളത്. അല്‍വലിയ്യു എന്നാല്‍ സുഹൃത്ത്, സഹായി എന്നെല്ലാമാണ്. ഇബ്നുല്‍ അറബി പറയുന്നു. പൂര്‍ണ്ണമായും പിന്‍പറ്റുന്ന പ്രേമിക്കാണ് അല്‍വലിയ്യു എന്ന് പറയുക.

അല്ലാഹു പറയുന്നു. اَللّٰهُ وَلِيُّ الَّذِيْنَ اٰمَنُوْا (സൂറ ബഖറ). അബൂ ഇസ്ഹാഖ് വിവരിക്കുന്നു. അല്ലാഹു തആല വിശ്വാസികളുടെ ആവശ്യങ്ങള്‍ നിറവേറ്റുകയും അവരുടെ ഹിദായത്തിനുള്ള തെളിവുകള്‍ നിലനാട്ടുന്നതിന് അവരുടെ സഹായി ആയി മാറുകയും ചെയ്യുന്നു. അവരുടെ വിശ്വാസത്തിന്റെ സ്ഥാനമനുസരിച്ച് ഹിദായത്തില്‍ മുന്നോട്ട് നയിക്കുന്നവന്‍ അവനാണ്. അല്ലാഹു പറയുന്നു. **വല്ലദീനഹ്ത്തദൗ സാദഹും ഹുദാ.** ഇതേപോലെ വിശ്വാസികളെ അവരുടെ ശത്രുക്കള്‍ക്കെതിരില്‍ സഹായിക്കുന്നു. വിശ്വാസികളുടെ മതത്തെ അവരുടെ എതിരാളികളുടെ മതത്തിന് മേല്‍ വിജയം നല്‍കുകയും ചെയ്യുന്നവനാണ്.

സൂറ:ബഖറയിലെ ആയത്ത് ഞാന്‍ നേരത്തെ പരാമര്‍ശിച്ചിരുന്നു. അതിന്റെ പൂര്‍ണ്ണരൂപം ഇതാണ്.

اَللّٰهُ وَلِيُّ الَّذِيْنَ اٰمَنُوْا ۙ يُخْرِجُهُمْ مِّنَ الظُّلُمٰتِ اِلَى النُّوْرِ ۗ وَالَّذِيْنَ كَفَرُوْٓا اَوْلِيٰٓـئُهُمُ الطَّاغُوْتُ ۙ يُخْرِجُوْنَهُمْ مِّنَ النُّوْرِ اِلَى الظُّلُمٰتِ ۗ اُولٰٓئِكَ اَصْحٰبُ النَّارِ ۚ هُمْ فِيْهَا خٰلِدُوْنَ ۝٢٥٨

"അല്ലാഹു സത്യവിശ്വാസം സ്വീകരിച്ചവരുടെ മിത്രമാകുന്നു. അവന്‍ അവരെ അന്ധകാരത്തില്‍ നിന്നും പ്രകാശത്തിലേക്ക് നയിക്കുന്നു. അവിശ്വസിച്ചവരാകട്ടെ അവരുടെ മിത്രങ്ങള്‍ ദുഃശ ക്തികളത്രെ. അവന്‍ അവരെ പ്രകാശത്തില്‍ നിന്നും അന്ധകാരങ്ങളിലേക്ക് കൊണ്ടുപോകുന്നു. അക്കൂട്ടര്‍ നരകാവകാശികളാണ്. അവര്‍ അതില്‍ വസിക്കുന്നവരായിരിക്കും.(2:258)

അല്ലാഹു വിശ്വാസികളുടെ മിത്രമായി മാറുന്നു. എന്നാല്‍ ഭൗതീകതയുടെ കലര്‍പ്പില്ലാത്ത വിശ്വാസമായിരിക്കണം. വിശ്വാസം സ്വീകരിച്ചതിനു ശേഷം അവര്‍ അല്ലാഹുവിന്റെ പ്രകാശം അന്വേഷിച്ചുകൊണ്ട് ഉന്നമനത്തിനായി പരിശ്രമിക്കുന്നവരായിരിക്കും. അങ്ങിനെയുള്ളവര്‍ക്ക് പിന്നീട് അല്ലാഹു വിജയം നല്‍കി അനുഗ്രഹിക്കുന്നു.

അന്ധകാരത്തില്‍ നിന്നും പ്രകാശത്തിലേക്ക് കൊണ്ട് പോകും എന്നതിന്റെ അര്‍ത്ഥം ആത്മീയവും ഭൗതീകവുമായ ബലഹീനതകളില്‍ നിന്നും ആത്മീയവും ഭൗതീകവുമായി പ്രബലതയിലേക്കും ശക്തിയിലേക്കും കൊണ്ടുപോകും എന്നതാണ്. ആരാണോ വിശ്വസിക്കുന്നത് അല്ലാഹു തആല അവക്ക് വ്യക്തിപരമായും സാമൂഹികപരമായും ആത്മീയവും ഭൗതീകവുമായ വിജയങ്ങള്‍ നല്‍കുന്നതാണെന്ന് ഇവിടെ പ്രഖ്യാപിക്കുന്നു. അവരെ പ്രയാസങ്ങളില്‍ നിന്നും ബുദ്ധിമുട്ടുകളില്‍ നിന്നും മോചിപ്പിക്കുന്നതുമാണ്. ഇതിനുള്ള നിബന്ധന വിശ്വസിക്കുകയും അതില്‍ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ കല്‍പ്പനകള്‍ അറിയുന്നതിലൂടെയും അത് മനസ്സിലാക്കുന്നതിലൂടെയും അതനുസരിച്ച് പ്രവര്‍ത്തിക്കുന്നതിലൂടെയുമാണ് ഈ അഭിവൃദ്ധി കരസ്ഥമാക്കുന്നത്. ഇങ്ങിനെ പ്രവര്‍ത്തിക്കുന്നതിന് പരിശ്രമിക്കുന്നവരുടെ മിത്രമായി, വലിയായി അല്ലാഹു മാറുന്നതാണ്. ഒരു എതിരാളിക്കോ ഒരു ശത്രുവിനോ ഒരു ഭൗതിക ഭരണകൂടത്തിനോ അങ്ങിനെയുള്ളവരെ നശിപ്പിക്കാന്‍ സാധ്യമല്ല.

ഇവിടെ മറ്റൊരു കാര്യം മനസ്സിലാക്കേണ്ടത്, മുഅ്മിനീംകള്‍ക്ക് പ്രയാസങ്ങള്‍ നേരിടേണ്ടതായും വരുന്നു. ബുദ്ധിമുട്ടുകള്‍ സഹിക്കേണ്ടിവരുന്നു. ജീവനും സ്വത്തും മക്കളുടെ നഷ്ടവും എല്ലാം സഹിക്കേണ്ടിവരുന്നു. ഇതെല്ലാം ഉണ്ടായിരിക്കെ ഭൗതിക പ്രയാസങ്ങളില്‍ നിന്നും രക്ഷിക്കും എന്ന് പറഞ്ഞതിന്റെ അര്‍ത്ഥമെന്താണ്. അന്ധകാരത്തില്‍ നിന്നും പ്രകാശത്തിലേക്ക് കൊണ്ടുപോകും എന്നതിന് നല്‍കാവുന്ന അര്‍ത്ഥം ആത്മീയയാത്രയില്‍ അവരെ മുന്നോട്ട് നയിച്ചുകൊണ്ടിരിക്കും എന്നതാണ്. അല്ലാഹു വിശ്വാസികളുടെ മിത്രമായിക്കൊണ്ട് ആത്മീയതയില്‍ ഉന്നതി നല്‍കിക്കൊണ്ടേ ഇരിക്കുന്നു. പരലോകത്ത് അവന്റെ വാഗ്ദാനപ്രകാരം പ്രതിഫലം നല്‍കുകയും ചെയ്യുന്നതാണ്. ഒരു വിശ്വാസി അല്ലാഹുവില്‍ സുദൃഢമായ വിശ്വാസം കൈകൊള്ളുമ്പോള്‍ അതു മുഖേന അവര്‍ തങ്ങളുടെ വ്യക്തിപരമായ മേന്മകളും ഗുണങ്ങളും മാത്രമല്ല ലക്ഷ്യം വെക്കുന്നത്, മറിച്ച് അവര്‍ ജമാഅത്തീയായ ജീവിതത്തിലേക്കാണ് കണ്ണും നട്ടിരിക്കുക. ഒരു വിശ്വാസിക്ക് വ്യക്തിപരമായി ശാരീരികമായും സാമ്പത്തികമായും ഭൗതീകമായുമുള്ള പ്രയാസങ്ങള്‍ നേരിടേണ്ടിവരുന്നു എന്നത് തികച്ചും ശരിയാണ്. പല നഷ്ടങ്ങളും അഭിമുഖീകരിക്കേണ്ടി വരുന്നു. എന്നാല്‍ ഈ വ്യക്തിപരമായ നഷ്ടങ്ങള്‍ തന്നെയും അത് മതത്തിന് വേണ്ടിയാണെങ്കില്‍ പൊതുവില്‍ ജമാഅത്തിന്റെ വിജയത്തിന് നിധാനമായിത്തീരുന്നതാണ്.

ഇസ്ലാമിൽ അതിന്റെ പ്രാരംഭഘട്ടത്തിൽ മക്കയിൽ സ്വതന്ത്ര മായി തബ്ലീഗ് നടത്താൻ പോലും പറ്റിയിരുന്നില്ല. അതിനിഷ്ഠൂര മായ മർദ്ദനമുറകൾക്കാണ് മുസ്ലിം സമൂഹം അന്ന് ഇരയായി രുന്നത്. അന്ന് മുസ്ലിംകൾ ചെയ്ത ഖുർബാനികൾ, ത്യാഗങ്ങൾ ഫലശൂന്യമായോ? അന്ന് മുസ്ലിംകൾ സഹിച്ച മർദ്ദനങ്ങൾ നിഷ്ഫല മായോ? ഒരിക്കലും അത് പാഴായിപ്പോയില്ല. അന്നും വിരലിലെണ്ണാ വുന്ന മുസ്ലിംകളുടെ ത്യാഗ ങ്ങൾ അവരുടെ വിശ്വാസത്തെ ദൃഢീക രിക്കുന്നതിന് കാരണമായിത്തീർന്നു. തബ്ലീഗ് പ്രവർത്തനങ്ങൾ ഈ എതിർപ്പുകളെക്കൊണ്ട് നിന്നുപോയില്ല. വിജയത്തിലേക്ക് മുന്നേറുകയാണ് ചെയ്തത്.

ഈ മർദ്ദനങ്ങൾ അധികരിച്ചപ്പോൾ പിന്നീട് ഹിജ്റത്ത് പോലും ചെയ്യേണ്ടതായി വന്നു. ഈ ഹിജ്റത്തും അഭിവൃദ്ധിയിലേ ക്കുള്ള പാതകളാണ് തുറന്നുവിട്ടത്. എണ്ണത്തിലും സമ്പന്നതയിലും മുസ്ലിം സമൂഹം മുന്നേറിക്കൊണ്ടിരുന്നു. അവസാനം മർദ്ദക സമൂ ഹമായ മക്കയിലെ നിഷേധികൾ മുസ്ലിംകളുടെ കാൽക്കീഴിൽ വന്ന ഒരു കാലം വന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രവും ഇത് തന്നെയാണ് നമ്മോട് പറയുന്നത്. ഓരോ പരീക്ഷണവും പരീക്ഷയും ജമാഅ ത്തിന്റെ ആത്മീയ പുരോഗതിക്ക് കാരണമാകുന്നതോടൊപ്പം എണ്ണ ത്തിനും വണ്ണത്തിലുമുള്ള വർദ്ധനവിന് കാരണമായിട്ടുണ്ട്. പാക്കി സ്ഥാനിൽ 1974ലെ അവസ്ഥ ഉണ്ടായിരുന്നില്ലെങ്കിൽ അതിനോടനു ബന്ധിച്ച് ജമാഅത്തിലെ ഒരു പറ്റം ആളുകൾ പാക്കിസ്ഥാന്ന് പുറ ത്തുപോകേണ്ട സന്ദർഭം ഉണ്ടായത്, ഉണ്ടാകുമായിരുന്നില്ല. അവരിൽ പലരും നിസ്സാര കച്ചവടങ്ങളും മറ്റും ചെയ്യുന്നവരായിരുന്നു. അല്ലറ ചില്ലറ കൃഷികളെല്ലാം ചെയ്തു ജീവിക്കുന്നവരായിരുന്നു അവർ. ചിലർ ചെറിയ ഉദ്യോഗം വഹിക്കുന്നവരായിരുന്നു. അവരിൽ ചില ർക്ക് കുട്ടികളെ പഠിപ്പിക്കുവാനുള്ള സാമ്പത്തികം പോലും ലഭി ച്ചിരുന്നില്ല. ചിലർക്ക് പഠിപ്പിക്കാൻ കഴിവുണ്ടെങ്കിലും അതിനുള്ള അവസരം അവർക്കില്ലായിരുന്നു. എന്നാൽ അങ്ങിനെയുള്ളവർ നാട്ടിൽ നിന്നും പുറത്ത് പോയി യൂറോപ്പിൽ വന്ന് താമസം തുടങ്ങി. ഇവിടെ വന്ന് ചില കുട്ടികൾ എം.എസ്.ഇ. യും പി.എച്ച്.ഡി. യും എല്ലാം ചെയ്തിട്ടുണ്ട്. ചിലർ ഡോക്ടറായി, ചിലർ ഇഞ്ചിനീയറായി. പാക്കിസ്ഥാനിൽ ഇവരുടെ തന്നെ കുടുംബത്തിലുള്ളവർക്ക് ഇത്ര ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കാൻ സാധിച്ചിട്ടില്ല. അല്ലെങ്കിൽ അതിലേക്ക് ശ്രദ്ധ തിരിഞ്ഞിട്ടില്ല. അതിനുള്ള സാമ്പത്തികശേഷി അവർക്കില്ലായിരുന്നു. ഏതായിരുന്നാലും നാട്ടിന് പുറത്ത് വന്ന ഓരോ അഹ്മദിയും ഈ കാര്യങ്ങൾ ഓർക്കേണ്ടതാണ്. അവരുടെ വിശ്വാസം കാരണമായി അവർക്ക് നാട്ടിൽ നിന്ന് പുറത്ത് പോകേണ്ടിവ ന്നെങ്കിൽ തന്നെയും അല്ലാഹു അവരെ ഉന്നത അവസ്ഥയിൽ എത്തി ക്കുകയും സാമ്പത്തിക ഉയർച്ച അവർക്ക് നൽകുകയും ചെയ്തു. കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കാനുള്ള സാഹചര്യം ഒരു ക്കിക്കൊടുത്തു. സാമൂഹികമായി നോക്കിയാൽ ജമാഅത്ത് തലത്തിൽ എണ്ണത്തിലും സാമ്പത്തികനിലയിലും വളരെയധികം വർദ്ധനവുണ്ടാ യി. വ്യക്തികൾ വിദ്യാഭ്യാസമേഖലകളിൽ മുന്നേറിയപ്പോൾ ജമാഅ ത്തിനകത്തും ഭൗതികവിദ്യാഭ്യാസത്തിന്റെ നിലവാരം വളരെധികം ഉയരുകയും ചെയ്തു. ഈ കാര്യങ്ങളെല്ലാം തന്നെ ഒരഹ്മദിയെ കൂടുതലായി അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതാക്കി മാറ്റേണ്ടതാണ്. അവരുടെ വിശ്വാസവർദ്ധനവിന് ഇത് കാരണമായി ത്തീരേണ്ടതാണ്. ഒരിക്കലും ഇതു മുഖേന അഹങ്കാരമോ പൊങ്ങ ച്ചമോ ഉണ്ടയിത്തീരരുത്.

താൻ വലിയാണെന്ന് അല്ലാഹു ഇവിടെ പ്രകടിപ്പിക്കുകയു ണ്ടായി. അത്കൊണ്ട് യഥാർത്ഥ അബ്ദായി, ദാസനായി നാമും മാറേ ണ്ടതാണ്. 1974ൽ ഉണ്ടായ അക്രമത്തിന്റെ ഫലമായി പുറത്ത് വന്ന വർക്ക് മാത്രമല്ല, അവിടെയുള്ള അഹ്മദികളിലും അല്ലാഹു കരുണ ചൊരിയുകയുണ്ടായി. ആരുടെ ബിസിനസ്സുകളാണൊ തകർത്തെ റിയാൻ ശത്രുപക്ഷം ശ്രമിച്ചത്, അല്ലാഹു തആല അവരുടെ ബിസ്സി നസിൽ ഉന്നത വിജയം നൽകി. വലി എന്നതിന് സഹായി എന്നും മിത്രം എന്നും അർത്ഥമുണ്ട്. അഹ്മദിയ്യത്തിന് വേണ്ടി ആരാണോ ത്യാഗം ചെയ്തത്, അല്ലാഹു അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ മക്ക ൾക്കോ അവരുടെ യഥാർത്ഥ സഹായിയും മിത്രവുമായിക്കൊണ്ട് വിജയങ്ങൾ നൽകി അനുഗ്രഹിക്കുകയുണ്ടായി.

1984 ൽ പാകിസ്ഥാനിൽ ജമാഅത്തിനെ വീർപ്പുമുട്ടിപ്പിച്ച പ്പോൾ ഖലീഫത്തുൽ മസീഹ് അവിടെ നിന്ന് ഹിജ്റത്ത് ചെയ്യേണ്ട തായി വന്നു. അപ്പോഴും സഹായിയായും സുഹൃത്തായും വന്നത് സകല വസ്തുക്കളിലും തന്റെ സ്വാധീനവും നിയന്ത്രണവുമുള്ള അല്ലാഹു തന്നെയാണ്. അവൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമനെ യാത്രാവേളയിൽ വിവിധ ഘട്ടങ്ങളിൽ ഭൗതികമായ ഒരു സുഹൃത്തിനും ചെയ്യാൻ കഴിയാത്ത രീതിയിലുള്ള സഹായങ്ങളാണ് നൽകിയത്. ഇത് ജമാഅത്തംഗങ്ങളുടെ വിശ്വാസ ദൃഢീകരണത്തിന് കാരണമായതോടൊപ്പം ഈ ഹിജ്റത്ത് കാരണം ജമാഅത്തിൽ അംഗബലം വർദ്ധിക്കുകയും എം.ടി.എ എന്ന അനുഗ്രഹം മുഖേന ആത്മീയ പുരോഗതിക്കും തബ്ലീഗ് പ്രവർത്തനത്തിനുമുള്ള മാർ ഗ്ഗങ്ങൾ തുറക്കപ്പെടുകയും ചെയ്തു. ഇപ്പോൾ ലോകത്ത് ഒരു സമ യത്ത് ഒരേയൊരു ശബ്ദം കേൾക്കപ്പെടുന്നു. ആ ശബ്ദം തർബി യ്യത്തിലേക്കും തബ്ലീഗിലേക്കും ശ്രദ്ധ ക്ഷണിക്കുന്നതാണ്.

ഈ ആയത്തിൽ വിശ്വാസ വർദ്ധനവിനോടൊപ്പം ഭൗതിക വിജയത്തെക്കുറിച്ചും പറയുന്നുണ്ട്. എന്നാൽ അവിശ്വാസികളെ ക്കുറിച്ച് പറയുന്നത്.

وَالَّذِينَ كَفَرُوٓا أَوْلِيَآؤُهُمُ الطَّاغُوتُ يُخْرِجُونَهُم مِّنَ النُّورِ إِلَى الظُّلُمَاتِ

അവിശ്വാസികളുടെ മിത്രം ശൈത്വാൻ ആകുന്നു. അവൻ അവരെ പ്രകാശത്തിൽനിന്നും അന്ധകാരത്തിലേക്ക് കൊണ്ടുപോ കുന്നു. ഇവിടെ അല്ലാഹു അടിസ്ഥാനപരമായ ഒരു തത്ത്വം പറ യുന്നത് അല്ലാഹുവിന്റെ വാക്കുകളെ അംഗീകരിക്കാത്തവർ ശൈ ത്വാന്റെ കൂട്ടുകാരാണ് എന്നാണ്. ശൈത്വാൻ പ്രകാശത്തിൽ നിന്നും അന്ധകാരത്തിലേക്ക് ജനങ്ങളെ കൊണ്ടുപോകുന്നു. അവന്റെ പിന്നിൽ പോകുന്നവർക്ക് പ്രകാശം ദർശിക്കാൻ സാധ്യമല്ല.

റസൂൽ (സ) വാദം ഉന്നയിച്ചപ്പോൾ മക്കയിലുള്ളവരെ ഹിദാ യത്തിലേക്ക് ക്ഷണിച്ചപ്പോൾ ഖുറൈശി നേതാക്കൻമാർ അവരിൽ ചിലർ ബുദ്ധിമാന്മാരും നല്ലവരുമെന്ന് അറിയപ്പെട്ടിരുന്നു. മാത്രമല്ല ചില സൽപ്രവൃത്തികൾ ചെയ്യുന്നവരുമായിരുന്നു. എന്നിട്ടും തിരു നബി(സ) യെ നിഷേധിച്ച കാരണത്താൽ ശൈത്വാന്റെ വലയിൽ കുടുങ്ങി നന്മകളിൽ നിന്നുപോലും അവർ അകന്നുപോയി. അവ സാനം നശിപ്പിക്കപ്പെട്ടു.അബുൽഹകം അബൂജഹലായി മാറി. നിന്ദ്യ തയുടെ മരണം വരിക്കുകയും ചെയ്തു. ഇനി ഖിയാമത്ത് നാൾ വരെ അബൂജഹൽ എന്ന് തന്നെയാണ് അയാൾ അറിയപ്പെടുക യുള്ളൂ. അയാളുടെ വലിയ്യ് ശൈത്വാൻ ആയിരുന്നു. അയാളെ ഒരു വിധത്തിലും ശൈത്വാന് സഹായിക്കാൻ സാധിച്ചില്ല. അയാൾ

അന്ധകാരത്തിൽ ആപതിക്കുകയാണ് ചെയ്തത്. എന്നാൽ ഹബ്ശീ അടിമയായ ഹ.ബിലാൽ (റ) വിശ്വാസത്തിന്റെ പ്രകാശം കാരണമായി അല്ലാഹുവിന്റെ വലിയ്യ് ആയി മാറി. അല്ലാഹുവുമായുള്ള ബന്ധ വും അവന്റെ സഹായവും കാരണം ഖിയാമത്ത്നാൾ വരെ സയ്യി ദുനാ ബിലാൽ എന്ന പേരിന്നർഹനായി.

ഇതേപോലെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്തും ആത്മീയതയുടെ അഹ്ല്കാരാണെന്ന് വീരവാദം മുഴക്കിയ ആ മഹാത്മാവിന്റെ നിഷേധികൾ അദ്ദേഹത്തിന്നെതിരിൽ രംഗപ്രവേശ നം ചെയ്ത കാരണത്താൽ അന്ധകാരത്തിൽ ആപതിച്ചുകൊണ്ടിരു ന്നു. എന്നാൽ പാമരരും പാവങ്ങളുമായ പലരും, കൈകൂലി വാങ്ങു ന്നവരും ആ കാലത്ത് ദുഷ്പേരിന് പാത്രമായവരും, വിശ്വാസം സ്വീക രിച്ചതിന്റെ ഫലമായി അല്ലാഹു അവരിൽ കൃപ കാണിക്കുകയും അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം ആത്മിയതയിൽ അഭിവൃദ്ധി പ്രാപി ക്കുന്നവരായി മാറുകയും ചെയ്തു. ചുരുക്കത്തിൽ നബിയെ നിഷേ ധിക്കുന്നവർ നിഷേധം കാരണമായി അന്ധകാരത്തിൽ ആപതിച്ചു കൊണ്ടിരിക്കുന്നു. ശൈത്വാൻ അവരിൽ വിദ്വേഷവും പകയും അനീ തിയും കുത്തി നിറക്കുകയും അങ്ങിനെ അവർ അന്ധകാരത്തി ലേക്ക് മൂക്കുകുത്തിവീഴുകയും ചെയ്യുന്നു. അവരുടെ പര്യവസാ നത്തെക്കുറിച്ച് അല്ലാഹു പറയുന്നത് വളരെ മോശമായിരിക്കും എന്നാണ്. ഈ ലോകത്തും അസൂയയുടെ അഗ്നിയിൽ അവർ എരി ഞ്ഞമ രുന്നതാണ്. ജമാഅത്തിന്റെ പുരോഗതിയിലേക്കുള്ള ഓരോ കാൽവെപ്പും അവരുടെ വിദ്വേഷത്തേയും പകയേയും ആളിക്കത്തി ക്കും. എന്നാൽ അവരുടെ ഈ കോപവും പകയും അല്ലാഹു വലി യ്യായവർക്ക് ഒരു വിധത്തിലുമുള്ള നഷ്ടം വരുത്തുന്നതല്ല.

ഞാൻ വീണ്ടും നിഘണ്ടുകർത്താക്കളുടെ ചില വിശദീകര ണത്തിലേക്ക് തിരിച്ചുവരികയാണ്. ലിസാനുൽ അറബ് എന്ന ഗ്രന്ഥ ത്തിൽ ഇപ്രകാരം എഴുതിയിട്ടുണ്ട്. **വലിയ്യുഹും** എന്നതിന് ചിലർ നൽകിയിരിക്കുന്ന അർത്ഥം മുഅ്മിനിങ്ങൾക്ക് പ്രതിഫലം നൽകു ക എന്നതും അവരുടെ സദ്പ്രവർത്തികൾക്ക് സൽഫലം നൽകുക എന്നതും അല്ലാഹുവിന്റെ ഇംഗിതമനുസരിച്ചായിരിക്കും. **വലിയു ല്ലാഹ്** എന്നാൽ അല്ലാഹുവിന്റെ മാത്രം. **വലിയ്യ്** എന്ന വാക്കിൽ സ്ഥിര ചിത്തതയോടുകൂടി അല്ലാഹുവിനെ അനുസരിച്ചുകൊണ്ട് ഏതെ ങ്കിലും പ്രവർത്തി ചെയ്യുക എന്ന വിഷയമാണ് അടങ്ങിയിരിക്കുന്ന ത്. അല്ലാഹുവിന്റെ വരിഷ്ടരും തിരഞ്ഞെടുക്കപ്പെട്ടവരുമായ ദാസർ അല്ലാഹുവിന്റെ നിരന്തരമുള്ള അനുഗ്രഹത്തിന് പാത്രമായിത്തീ രുന്നു. ഒരു മുഅ്മിനെ **വലിയുല്ലാഹ്** എന്ന് പറയാം. എന്നാൽ **മൗലാ അല്ലാഹ്** എന്ന് പറഞ്ഞതായി തെളിയില്ല. എന്നാൽ അല്ലാഹു വിനെക്കുറിച്ച് **വലിയ്യുൽ മുഅ്മിനീന വ മൗലാഹും** എന്ന് പറയാവു ന്നതാണ്. തുടർന്ന് വിവിധ ആയത്തുകൾ എടുത്ത്കൊണ്ട് ഇതിനെ വിശദീകരിച്ചിട്ടുണ്ട്.

ذٰلِكَ بِاَنَّ اللّٰهَ مَوْلَى الَّذِيْنَ اٰمَنُوْا ( സൂറ മുഹമ്മദ്)

نِعْمَ الْمَوْلٰى وَنِعْمَ النَّصِيْرُ (അൻഫാൽ)

قُلْ يٰۤاَيُّهَا الَّذِيْنَ هَادُوْۤا اِنْ زَعَمْتُمْ اَنَّكُمْ اَوْلِيَآءُ
لِلّٰهِ مِنْ دُوْنِ النَّاسِ (സൂറ ജുമുഅ)

ثُمَّ رُدُّوْۤا اِلَى اللّٰهِ مَوْلٰىهُمُ الْحَقِّ (സൂറഅൽ അൻആം)

وَمَا لَهُمْ مِّنْ دُوْنِهٖ مِنْ وَّالٍ (സൂറ അററഅദ്) ഇവിടെ **വാലിൻ** എന്നതിന്റെ അർത്ഥം വലിയ്യുൻ എന്നാണ്.

ഇനി ഞാൻ ആയത്തിന്റെ വിശദീകരണം നൽകാനാണ് ആഗ്ര ഹിക്കുന്നത്. ഒന്നാമത്തെ ആയത്ത് സൂറ മുഹമ്മദിലുള്ളതാണ്.

ذٰلِكَ بِاَنَّ اللّٰهَ مَوْلَى الَّذِيْنَ اٰمَنُوْا وَاَنَّ
الْكٰفِرِيْنَ لَا مَوْلٰى لَهُمْ ۝١٢ (47:12)

അതിനു കാരണം അല്ലാഹു വിശ്വസിച്ചവരുടെ രക്ഷാധികാ രിയാണെന്നതും അവിശ്വാസികൾക്ക് ഒരു രക്ഷാധികാരിയും ഇല്ലെ ന്നതുമത്രെ.

ഇതിനു മുമ്പുള്ള ഒരായത്തിൽ അല്ലാഹു പറയുന്നു.

يٰۤاَيُّهَا الَّذِيْنَ اٰمَنُوْۤا اِنْ تَنْصُرُوا اللّٰهَ
يَنْصُرْكُمْ وَيُثَبِّتْ اَقْدَامَكُمْ ۝٨ (47:8)

വിശ്വസിച്ചവരെ, നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്ന തായാൽ അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദ ങ്ങളെ ഉറപ്പിച്ചു നിറുത്തുകയും ചെയ്യുന്നതാണ്. (47:8)

ഈ ആയത്തിൽ തിരുനബി (സ) ക്ക് ശേഷമുള്ള മുസ് ലിംകൾക്കും ഉപദേശവും താക്കീതും ഉണ്ട്. വിശ്വസിച്ചതുകൊണ്ട് മാത്രം കാര്യമായില്ല; അല്ലാഹുവിന്റെ മതത്തെ സഹായിക്കേണ്ടത് നിങ്ങൾക്ക് നിർബന്ധമാണ്. എന്നാൽ മാത്രമെ അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്വരുക്കൂട്ടിക്കൊണ്ട് അല്ലാഹുവിന്റെ സഹായ ത്തിന് അർഹരായി നിങ്ങൾ മാറുകയുള്ളു. അതുകാരണം നിങ്ങ ളുടെ വിശ്വാസം സുദൃഢമായിത്തീരുന്നതുമാണ്. ഒരു സമൂഹം എന്ന നിലയിൽ നിങ്ങൾ നിലകൊള്ളുന്നതാണ്. പ്രത്യേകിച്ച് വാഗ് ദത്തമസീഹിന്റെ കാലത്ത് ദീനിന്റെ പുനർജനനം ഉണ്ടാകുമ്പോൾ അല്ലാഹു അയച്ച വ്യക്തിയെ സഹായിക്കേണ്ടത് മുസ്ലിംകളുടെ കടമയാണ്. അവർ സഹായികളായിക്കഴിഞ്ഞാൽ അല്ലാഹുവിന്റെ സഹായം അവർക്ക് കാണാൻ സാധിക്കുന്നതാണ്.

വിശ്വസിക്കാത്തവർക്ക് മുൻ പ്രവാചകനിഷേധികളുടെ അതേ അവസ്ഥയായിരിക്കും ഉണ്ടാകുക. ഇന്നും മുസ്ലിംകൾ ഇക്കാര്യത്തിൽ ചിന്തിക്കേണ്ടതാണ്. ഞാൻ പലവുരു ഇത് വ്യക്തമാ ക്കിയിട്ടുള്ളതാണ്. അല്ലാഹു സഹായത്തിന്റെ വാഗ്ദാനം ചെയ്യു ന്നുണ്ട്. പ്രകാശത്തിലേക്ക് കൊണ്ടുപോകും എന്നും വാഗ്ദാനം ചെയ്യുന്നു. എന്നാൽ വിശ്വാസികളാണെന്ന് പറഞ്ഞിട്ടുകൂടി നാം വിശ്വാസത്തിൽ പോലും ശൈഥില്യം നേരിട്ടുകൊണ്ടിരിക്കുയാണെ ന്നാണ് പത്രങ്ങളിൽ ലേഖകന്മാർ എഴുതി പിടിപ്പിക്കുന്നത്. നാം പ്രകാശത്തിൽ നിന്നും അന്ധകാരത്തിലേക്ക് പോയ്ക്കൊണ്ടേയിരി ക്കുകയാണെന്നും അവർ എഴുതുന്നു. ഭൗതികമായും നാം തകർച്ച യെയാണ് നേരിടുന്നത്. നമ്മിൽ ഇല്ലാത്ത ഏത് തിന്മയാണ് ഇന്നു ള്ളത്. ഇതെല്ലാം പലരും എഴുതുന്നു. അതുകൊണ്ട് മുഅ്മിനീ ങ്ങളുടെ സഹായിയായ അല്ലാഹുവിനെ നാം കോപിഷ്ഠനാക്കിയി രിക്കുന്നു. കാര്യം ഇതാണെങ്കിലും സമയം വൈകിയിട്ടില്ല. ഇപ്പോ ഴും ചിന്തിക്കാനുള്ള സമയമുണ്ട്. തങ്ങളിൽ ഈമാന്റെ പ്രകാശം നിറ ക്കുക. അല്ലാഹുവിന്റെ മതത്തിനെ സഹായിക്കാൻ മുന്നോട്ട് വരി ക. കാലഘട്ടത്തിന്റെ ഇമാമിനെ തിരിച്ചറിയുക. തിരുനബിയുടെ സലാം അദ്ദേഹത്തിന് എത്തിക്കുക.

നുബുവ്വത്തിന്റെ കവാടം അടഞ്ഞിരിക്കുന്നതുകൊണ്ട് ഇനി ഒരു നബിയുംവരില്ല എന്ന ദുർവാശി യുക്തിപരമല്ല. കാരണം മുൻ മഹാത്മാക്കൾ എന്താണ് ഇതിനെക്കുറിച്ച് പറഞ്ഞതെന്ന് ശ്രദ്ധിച്ച്

വായിക്കേണ്ടതാണ്. ഇന്നുള്ള ഉപരിപ്ലവകാരികളായ നാമമാത്ര പണ്ഢിതരെ പിൻപറ്റാതിരിക്കുക. മുൻകാല പണ്ഢിതരുടെ ചില ഉദ്ധരണികൾ ഞാൻ കേൾപ്പിക്കാം.

ഹദ്റത്ത് മുഹിയുദ്ദീൻ ഇബ്നുൽ അറബി വിവരിക്കുന്നു. തിരുനബി (സ) നാൽ അവസാനിച്ച നുബുവ്വത്ത് ശരീഅത്തെടുകൂടിയുള്ള നുബുവ്വത്താണ്. നുബുവ്വത്തിന്റെ സ്ഥാനമല്ല. അതു കൊണ്ട് തിരുനബി (സ) ന്റെ നുബുവ്വത്തിനെ ദുർബലപ്പെടുത്തുന്ന ഒരു ശരീഅത്ത് വരുന്നതല്ല. ഈ ശരീഅത്തിൽ ഒരു കൽപന പോലും കൂട്ടുകയോ ചെയ്യില്ല. രിസാലത്തും നുബുവ്വത്തും മുറിഞ്ഞുപോയി എന്ന് തിരുനബി (സ) പറഞ്ഞതിന്റെയും എനിക്ക് ശേഷം നബിയോ റസൂലോ ഇല്ല എന്നതിന്റെയും അർത്ഥം ഇതാണ്; എന്റെ ശരീഅത്തിന് വിരുദ്ധമായ മറ്റേതെങ്കിലും ശരീഅത്തോടുകൂടിയ നബിവരില്ല. എന്റെ ശരീഅത്തിന്റെ കീഴിലുള്ള നബിക്ക് വരാവുന്നതാണ്. എനിക്ക്ശേഷം ഒരു റസൂലുമില്ല എന്നതുകൊണ്ട് അർത്ഥമാകുന്നത് പുതിയ ശരീഅത്തുമായി വരികയും എന്നിട്ട് ജനങ്ങളെ തന്റെ ശരീഅത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്ന ഒരു റസൂലും എനിക്ക്ശേഷം വരുന്നതല്ല എന്നാണ്. ഈ നുബുവ്വത്താണ് നിന്നിരിക്കുന്നത്. ഇതിന്റെ കവാടമാണ് അടച്ചിരിക്കുന്നത്. നുബുവ്വത്തിന്റെ സ്ഥാനം അവസാനിച്ചിട്ടില്ല. (ഫതുഹാത്തെ മക്കിയ്യ വാല്യം 2)

ഇദ്ദേഹത്തിന്റെ മറ്റൊരുദ്ധരണി

നുബുവ്വത്ത് പൂർണ്ണമായും ഉയർത്തപ്പെട്ടിട്ടില്ല. അതു കൊണ്ടാണ് നാം പറഞ്ഞത് ശരീഅത്തോടുകൂടിയ നുബുവ്വത്താണ് അവസാനിച്ചിരിക്കുന്നത് എന്ന്. **ലാ നബിയ്യ ബഅ്ദീ** എന്നതിന്റെ അർത്ഥവും ഇതാണ്. തിരുനബി (സ) ലാനബിയ്യ ബഅ്ദീ എന്ന് പറഞ്ഞതിന്റെ ഉദ്ദേശം എനിക്ക്ശേഷം ശരീഅത്ത് കൊണ്ടുവരുന്ന ഒരു പ്രവാചകനും വരുന്നതല്ല എന്ന അർത്ഥത്തിലാണ്. തിരുനബിക്ക് ശേഷം ഒരു നബിയുമില്ല എന്ന വചനം തിരുനബി (സ) പറഞ്ഞ മറ്റൊരു വചനത്തോട് സാദൃശ്യമുള്ളതാണ്. തിരുനബി(സ) അരുളി. ഈ കൈസർ നശിച്ചുകഴിഞ്ഞാൽ മറ്റൊരു കൈസർ ഉണ്ടാകുന്നതല്ല. ഈ കിസ്റ നശിച്ചു കഴിഞ്ഞൽ മറ്റൊരു കിസ്റയും ഉണ്ടാകില്ല. ഹദ്റത്ത് ഇമാം ശഅ്റാനീ (റഹ്) പറയുന്നു.

وَقَوْلُهُ صلعم لَا نَبِيَّ بَعْدِي وَلَا رَسُوْلَ مُرَادُهُ بِهِ لَا مُشَرِّعَ بَعْدِي

തിരുനബി (സ) പറഞ്ഞ എനിക്ക് ശേഷം നബിയില്ല റസൂലുമില്ല എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എനിക്ക് ശേഷം ശരീഅത്ത് കൊണ്ടുവരുന്ന ഒരു പ്രവാചകനും ഇല്ല എന്നതാണ്. (യവാഖീത്തുവൽ ജവാഹീർ)

ഹദ്റത്ത് മുല്ലാ അലീഖാരി എഴുതുന്നു. തിരുനബി (സ) പറഞ്ഞ എന്റെ മകൻ ഇബ്റാഹീം ജീവിച്ചിരിപ്പുണ്ടെങ്കിൽ അവൻ നബിയാകുമായിരുന്നു എന്ന പ്രസ്ഥാവനയും ഉമർ (റ) നബിയാകുമായിരുന്നുവെങ്കിൽ തിരുനബിയെ പിൻപറ്റുന്നവരിൽ ഉൾപ്പെടുമായിരുന്നു എന്നതും എല്ലാംതന്നെ ഖാത്തമുന്നബിയ്യീൻ എന്നതിന് ഒരിക്കലും വിരുദ്ധമാകില്ല. ഖാത്തമുന്നബിയ്യീൻ എന്നതിന്റെ അർത്ഥം തിരുനബി (സ) ക്ക് ശേഷം തിരുനബിയുടെ ശരീഅത്തിനെ ദുർബലപ്പെടുത്തുന്ന ഒരു നബിയും വരുന്നതല്ല എന്നാണ്. അതേപോലെ തിരുനബി (സ) യുടെ ഉമ്മത്തിൽ പെടാത്ത ഒരാളും വരുന്നതല്ല. (മൗളൂആത്തെ കബീർ)

ഹദ്റത്ത് ആയിശ (റ) വിവരിക്കുന്നു-

قُوْلُوْا إِنَّهُ خَاتَمَ الْأَنْبِيَاءِ وَلَا تَقُوْلُوْا لَا نَبِيَّ بَعْدَهُ

തിരുനബി (സ) ഖാത്തമുന്നബ്ബിയ്യീൻ ആണെന്ന് പറഞ്ഞുകൊള്ളുക. എന്നാൽ അദ്ദേഹത്തിന് ശേഷം ഒരു നബിയും ഇല്ല എന്ന് പറയരുത്. (ദുർറെ മൻസൂര്)

ഈ ഉദ്ധരണികളിൽ നിന്നും മനസ്സിലാകുന്നത് പൂർവ്വ പണ്ഢിതന്മാരുടെ കാഴ്ചപ്പാട് ഇന്നുള്ള പണ്ഢിതന്മാരുടെ കാഴ്ചപ്പാടിൽനിന്നും വ്യത്യസ്ഥമാണെന്നാണ്. അല്ലാഹുവിന്റെ ആയത്തുകളെക്കുറിച്ച് ചിന്തിക്കുക. ഈ ഉദ്ധരികളെക്കുറിച്ചും ചിന്തിക്കുക. ഓരോ കാര്യവും തന്നെ നമുക്ക് വ്യക്തമാകുന്നതാണ്.

ഇനി മറ്റൊരു കാര്യം ചിന്തിക്കുക. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചു പറയുന്ന വ്യക്തിക്ക് അല്ലാഹു എങ്ങിനെയാണ് സമയം നീട്ടിക്കൊടുക്കുക. ഇൽഹാമുകൾ പ്രസിദ്ധീകരിച്ചുകൊണ്ട് ഞാൻ അല്ലാഹുവിനാൽ അയക്കപ്പെട്ടവനാണെന്ന് അദ്ദേഹം വാദിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള കള്ളവാദികളെ അല്ലാഹു നശിപ്പിക്കുകയല്ലെ വേണ്ടത്. എന്നാൽ നാം ഇവിടെ കാണുന്നത് തികച്ചും അതിന് വിരുദ്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിൽ നിന്നുള്ളവനാണെന്ന് വാദിച്ചപ്പോൾ അല്ലാഹുവിന്റെ സഹായം വിവിധ ഭാഗങ്ങളിൽനിന്നും അദ്ദേഹത്തിന് ലഭിക്കുന്നതാണ് നാം കാണുന്നത്. അല്ലാഹു അദ്ദേഹത്തിന്റെ വലിയ്യും മൗലയും ആണെന്നതിലേക്കുള്ള വ്യക്തമായ തെളിവുകളാണ് നാം ദർശിക്കുന്നത്. ഒരിക്കൽ അല്ലാഹു അദ്ദേഹത്തോട് പറഞ്ഞു. **വല്ലാഹു വലിയ്യുക വറബ്ബുക** അല്ലാഹുവാണ് നിന്റെ വലിയ്. നിന്റെ പരിപാലകനും അവൻതന്നെ. മറ്റൊരു ഇൽഹാം 1883ൽ ഉണ്ടായത് ഇപ്രകാരമാണ്. **അലാ ഇന്ന ഔലിയാ അല്ലാഹി ലാ ഖൗഫുൻ അലൈഹിം വലാഹും യഹ്സനൂൻ**. ശ്രദ്ധാപൂർവ്വം കേൾക്കുക. അല്ലാഹുവിന്റെ വരിഷ്ഠദാസർക്ക് ഒരു വിധ ഭയമോ ദുഖമോ ഉണ്ടാകില്ല. ഇതല്ലാത്ത ഇതുപോലുള്ള പല ഇൽഹാമുകളും ഉണ്ടായിട്ടുണ്ട്.

കള്ള നുബുവ്വത്ത് വാദിയെക്കുറിച്ച് അല്ലാഹു പറയുന്നു.

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ ۝٤٥

لَأَخَذْنَا مِنْهُ بِالْيَمِينِ ۝٤٦ (69:45,46)

അദ്ദേഹം നമ്മുടെമേൽ ചില വാക്കുകൾ കെട്ടിച്ചുമത്തിയിരുന്നെങ്കിൽ നാം അദ്ദേഹത്തെ വലതുകൈകൊണ്ട് പിടിക്കുമായിരുന്നു.

ഈ ഇൽഹാമുകൾ പ്രസിദ്ധീകരിച്ചതിനുശേഷം 25,26 വർഷത്തോളം ഹദ്റത്ത് മസീഹ് മൗഊദ് (അ) ജീവിച്ചിരുന്നു. ജീവിച്ചിരിക്കുക മാത്രമല്ല, ജമാഅത്തിന്റെ വിജയവും കാണാൻ സാധിച്ചു. പല ഇൽഹാമുകളും പ്രവചനങ്ങളും പൂർത്തിയാക്കി അല്ലാഹു ആ മഹാത്മാവിന് കാണിച്ചുകൊടുക്കുകയും ചെയ്തു. അല്ലാഹു വലിയ്യാണെന്ന് പല സന്ദർഭങ്ങളിൽ പ്രകടമാക്കിക്കാണിക്കുകയും ചെയ്തു. ഒരു അന്ധനുപോലും മനസ്സിലാകുന്ന വ്യക്തമായ തെളിവുകളായിരുന്നു അവയെല്ലാം. ആ മഹാത്മാവിനോട് അല്ലാഹു പറഞ്ഞ; ഞാൻ നിന്റെ കൂടെയും നിന്റെ പ്രിയരുടെ കൂടെയുമാണ് എന്നത് ഇന്നും പുലർന്നുകൊണ്ടിരിക്കുന്നതായി കാണുന്നു. ഇൻശാ അല്ലാഹ് ഭാവിയിലും നാം ഇത് കാണുന്നതാണ്. അല്ലാഹു

ആ മഹാതമാവിനോട് പറഞ്ഞു.**ഞാൻ നിന്റെ ദഅ്വത്തിനെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതാണ്.** ഞാൻ നിന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കും എന്ന മറ്റൊരു ഇൽഹാമും കൂടിയുണ്ട്. നിന്റെ ദഅ്വത്തിനെ ലോകത്തിന്റെ കോണുകളോളം എത്തി ക്കും എന്നത് മറ്റൊന്നാണ്. ഇത് 1886 ൽ ഉണ്ടായ ഇൽഹാമാണ്.

അന്ന് ഖാദിയാന്റെ അവസ്ഥ എന്തായിരുന്നു. ട്രാൻസ്പോർട്ടിനുള്ള ഒരു സൗകര്യവും ഇല്ലായിരുന്നു. വാർത്താവിനിമയ രംഗത്തും ഒരു സൗകര്യവും അന്നുണ്ടായിരുന്നില്ല. ബട്ടാലയിൽ തുടർയാത്രക്കായി എത്തണമെങ്കിൽ കാൽ നടയായോ കുതിരവണ്ടിയിലോ പോകണമായിരുന്നു. ഒരു കുഗ്രാമമായിരുന്നു ഖാദിയാൻ. ആരും അവിടെ എത്തിപ്പെടാറില്ല. ആ കുഗ്രാമത്തിൽ നിന്നാണ് ഇങ്ങിനെയുള്ള വാദം ഉന്നയിക്കുന്നത്. ഈ വാദമെല്ലാം കേട്ട് ജനങ്ങൾ പരിഹസിച്ച് ചിരിക്കുന്നുണ്ടാകും. എന്നാൽ ഇന്ന് ആ ദഅ്വത്ത് ലോകത്തിന്റെ കോണുകളോളം എത്തിയതായി നാം കാണുന്നു.

ആക്ഷേപിക്കുന്നവർ പറയാറുള്ളത് ഞങ്ങളും ഞങ്ങളുടെ വെബ്സൈറ്റ് മുഖേനയോ ടി.വി. ചാനൽ മുഖേനയോ ഞങ്ങളുടെ പ്രോഗ്രാമുകൾ, അഹ്മദിയ്യത്തിന്നെതിരെയുള്ളതും ഇസ്ലാമിന്നനുകൂലമായിട്ടുള്ളതുമായത് ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നില്ലെ; അതുകൊണ്ട് ഇത് വലിയ കാര്യമാണോ എന്ന് ചോദിക്കാറുണ്ട്. എന്നാൽ നാം ഇവിടെ ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്. ആരെങ്കിലും ഇങ്ങനെയുള്ള സംവിധാനങ്ങൾ ഇല്ലാത്ത കാലത്ത് അല്ലാഹുവിൽ നിന്നും അറിവ് ലഭിച്ചുകൊണ്ട് ഞാൻ നിന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ. നൂറു വർഷത്തിനു മുമ്പുള്ള കാര്യമിരിക്കട്ടെ. ഇപ്പോഴെങ്കിലും അവർ ഈ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനു മുമ്പെ ഇങ്ങിനെയുള്ള വാദം ഉന്നയിച്ചിട്ടുണ്ടൊ? അതായത് നിന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം ഞാൻ എത്തിക്കുന്നതാണ് എന്ന് അല്ലാഹു എന്നോട് പറഞ്ഞിട്ടുണ്ടെന്ന് വാദിച്ചിട്ടുണ്ടോ? ആർക്കെങ്കിലും വാദമുണ്ടെങ്കിൽ അവർ തുറന്ന് പറയട്ടെ. അല്ലാഹു എന്നോട് പറഞ്ഞിട്ടുണ്ടെന്നും ഈ സന്ദേശം ഞാൻ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതാണെന്നും. നീ ഏതു രീതിയിൽ എത്തിക്കുകയാണെങ്കിലും ഞാൻ നിന്നെ സഹായിക്കുന്നതാണ്. വെബ്സൈറ്റ് മുഖേനയായാലും ടി.വി. ചാനൽ മുഖേനയായാലും ശരി. എന്നാൽ ആരും രംഗത്ത് വരുന്നില്ല. ആക്ഷേപിക്കുക എന്നത് എളുപ്പമുള്ള കാര്യമാണ്. ഇന്നുള്ള പണ്ഢിതരുടെ ജോലിതന്നെ ഇതാണ്. വായിൽവന്നത് എന്തും വിളിച്ചു കൂവുന്നു.

ഇത് യഥാർത്ഥത്തിൽ അസൂയാലുവിന്റെ അഗ്നിയാണ്. ജമാഅത്ത് വ്യാപിക്കുന്നത് കാണുമ്പോൾ അവർ ഉള്ളിൽ കത്തി അമർന്ന് ഇല്ലാതായിത്തീരുകയാണ്. ഈ അസൂയയുടെ അഗ്നി ഉണ്ടാകേണ്ടതുതന്നെയാണ്. കാരണം അല്ലാഹു ഇതിനെക്കുറിച്ച് നേരത്തെ തന്നെ പറഞ്ഞിട്ടുള്ളതാണ്. അല്ലാഹു അയച്ച വ്യക്തി വാദം ഉന്നയിക്കുമ്പോൾ എതിരാളികൾ സടകുടഞ്ഞെഴുന്നേൽക്കും. അവർ ബുദ്ധിയുള്ളവരായാൽപോലും ഈ എതിർപ്പ് കാരണം അവരുടെ ബുദ്ധി മരവിച്ചുപോകുന്നതും പ്രകാശത്തിന് പകരം അന്ധകാരത്തിൽ അവർ ആപതിക്കുകയും ചെയ്യുന്നതാണ്. അങ്ങിനെ അവർ നരകവാസികളായിത്തീരുന്നതാണ്. അല്ലാഹു ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ. ഇവരോട് കരുണ ചൊരിയുമാറാകട്ടെ. അല്ലാഹുവാണ് നമ്മുടെ രക്ഷാധികാരിയും സഹായിയും. ഓരോ നിമിഷവും അവൻ രക്ഷകനും സഹായിയുമാണെന്ന് തെളിയിച്ചിട്ടുണ്ട്. ഓരോ നിമിഷവും തന്റെ ഫള്ൽ കൊണ്ട് അവൻ കടാക്ഷിക്കുന്നു. അല്ലാഹുവിനോടുള്ള കടപ്പാടുകൾ നിറവേറ്റാൻ എപ്പോഴും നമുക്കും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. എപ്പോഴും തന്നെ അല്ലാഹുവിന്റെ സഹായം ലഭിക്കുന്നവരായി നാം മാറട്ടെ. കാരണം അല്ലാഹു പറയുന്നു.

അല്ലാഹുവാണ് നിങ്ങളുടെ രക്ഷാധികാരി എന്ന് അറിയുക. അവൻ എത്രനല്ല രക്ഷാധികാരി. എത്ര നല്ല സഹായി.

ജുമുആക്ക് ശേഷം ചില ജനാസകൾ നമസ്കരിക്കുന്നതാണ്. ആദ്യത്തേത് സുൽഫിഖാർ മൻസൂർ സാഹിബ്. ഇദ്ദേഹം മൻസൂർ അഹ്മദ് സാഹി കോയെട്ടയുടെ പുത്രനാണ്. 11 ഒക്ടോബറിൽ ചില ഉഗ്രവാദികൾ വെടിവെച്ച് ശഹീദാക്കുകയാണുണ്ടായത് .ഇന്നാലില്ലാഹ്.....ശഹാദത്തിന് ഒരു മാസം മുമ്പ് ഇദ്ദേഹത്തെ തട്ടിക്കൊണ്ടുപോയിരുന്നു. വിടുന്നതിന്വേണ്ടി വലിയ സംഖ്യ ആവശ്യപ്പെടുകയുണ്ടായി. വലിയ ഒരു തുകയാണ് ആവശ്യപ്പെട്ടിരുന്നത്. തുടർച്ചയായി അവരുമായി ബന്ധപ്പെട്ടുക്കൊണ്ടിരുന്നു. പണം സ്വരുക്കൂട്ടിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഒരു ദിവസം ഒരു കാട്ടിൽ അദ്ദേഹത്തിന്റെ ജനാസ കിടക്കുന്നെണ്ടെന്ന് അറിയാൻ കഴിഞ്ഞു. അതോടൊപ്പം അവർ ഒരു സന്ദേശം കൂടി അയച്ചു. നിങ്ങൾ കുറെ ആളുകളെ ഖാദിയാനികളാക്കുന്നുണ്ട്, അത്കൊണ്ട് ഇയാളെ ഞങ്ങൾ ജീവനോടെ വിടുന്നതല്ല. ശഹാദത്തിന് മുമ്പ് വളരെ ക്രൂരമായി അദ്ദേഹത്തോട് പെരുമാറുകയുണ്ടായി. ഒരു കണ്ണിൽ വെടിവെച്ച് മുഖം പൂർണ്ണമായും വികൃതമാക്കിക്കളഞ്ഞു.

ഇദ്ദേഹം നല്ല ചുറുചുറുക്കുള്ള പ്രവർത്തകനായിരുന്നു. വിശ്വസ്തനായിരുന്നു. നാഇബ് ഖാഇദ് ഖുദ്ദാമുൽ അഹ്മദിയ്യാ എന്ന പദവിയിൽ സേവനമനുഷ്ടിക്കുകയായിരുന്നു. ഇദ്ദേഹത്തിന്റെ എളാപ്പ അബ്ബാസ് അഹ്മദിനെ 2008 ഏപ്രിൽ 2 ന് ശഹീദാക്കിയിരുന്നു. 2009 ജൂണിൽ മറ്റൊരു ബന്ധു ഖാലിദ് റശീദ് സാഹിബിനേയും ശഹീദാക്കിയിരുന്നു. ഈ യുവാവ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബി മുൻശി അബ്ദുൽ കരീം സാഹിബ് ബട്ടാലവിയുടെ പൗത്രന്റെ പുത്രനാണ്. ഇദ്ദേഹത്തിന്റെ പിന്ഗാമിയായി മാതാവും ഭാര്യയും 9 ഉം 6 ഉം വയസ്സുള്ള മകനും മകളുമുണ്ട്. എല്ലാവർക്കും അല്ലാഹു പരിപൂർണ്ണ ക്ഷമ പ്രധാനം ചെയ്യുമാറാകട്ടെ. മർഹൂമിന്റെ പദവികൾ അല്ലാഹു ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ നമ്മുടെ മിസ്റിലുള്ള ഒരു സുഹൃത്ത് മുഹമ്മദ് അശ്ശുവാ സാഹിബിന്റെതാണ്. 14 ഒക്ടോബർ 2009 ൽ അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹ്.......... ശ്യാമിലെ പഴയകാല വ്യക്തിയാണ്. മാത്യകാ അഹ്മദിയായിരുന്നു. ഖിലാഫത്തിനോടും നിസാമെജമാഅത്തിനോടും പ്രത്യേക പ്രേമമായിരുന്നു. അനുസരണവും ആദരവും ശരിക്കും ഉണ്ടായിരുന്നു. സദ്വൃത്തനും മുത്തഖിയും ആയിരുന്നു. ഏതെങ്കിലും ഒരു ജോലി ഏൽപ്പിച്ചാൽ ഉത്തരവാദിത്വത്തോടുകൂടി അത് നിറവേറ്റിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് പ്രത്യേക പ്രേമമായിരുന്നു. പേര് കേൾക്കുമ്പോൾതന്നെ വികാരഭരിതനായിത്തീരാറുണ്ടായിരുന്നു. 1950 ൽ എൽ. എൽ. ബി. ബിരുദം നേടി. പ്രഗത്ഭനായ വക്കീലായിരുന്നു. ബൈഅത്തിനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. ജമാഅത്തിനെക്കുറിച്ച് അറിഞ്ഞുകഴിഞ്ഞപ്പോൾ നാസിറുദ്ദീൻ അൽബാനി എന്ന പ്രസിദ്ധനായ പണ്ഢിതന്റെ അടുത്ത് ഇദ്ദേഹം പോയി. നാസിറുദ്ദീൻ അൽബാനി ജമാഅത്തിന്റെ കഠിന ശത്രുവാണ്. ഇദ്ദേഹം ഹദീ

സിന്റെ പ്രഗത്ഭ പണ്ഢിതനാണ്. അറബ് ലോകത്ത് ഇദ്ദേഹം വളരെ യധികം അറിയപ്പെട്ടിരുന്നു. ജമാഅത്തിന്റെ വിശ്വാസത്തെക്കുറിച്ച് അദ്ദേഹത്തോട് ചോദിച്ചു. ഒരു സംഭവം വിവരിച്ചുകൊണ്ട് ഇദ്ദേഹം ചോദിച്ചു. ഒരു പാതിരി ഒരു അഹ്മദിയുടെ മുമ്പിൽ മുട്ടുമടക്കിയ കാര്യമാണ് പറഞ്ഞത്. ആ അഹ്മദി കുരിശ് ഉടച്ചത് ഏതു രീതിയി ലാണെന്നും പറഞ്ഞു. ഇത് കേട്ടപ്പോൾ നാസിറുദ്ദീൻ അൽബാനി പറഞ്ഞു. ക്രിസ്ത്യാനികളുടെ വായ അടപ്പിക്കാനായി നമുക്ക് ഈസബ്നു മറിയം മരിച്ചു എന്ന് അവരോട് പറയാവുന്നതാണ്. അപ്പോൾ ഇദ്ദേഹം ചോദിച്ചു; ഈസാനബി ശരിക്കും മരിച്ചിട്ടില്ലെ? അൽബാനി സാഹിബ് പറഞ്ഞു - ഇല്ല. അപ്പോൾ ഇദ്ദേഹം പറഞ്ഞു; ഞാൻ ഇനി ബൈഅത്ത് ചെയ്യാൻ പോകുകയാണ്. കാരണം വിശ്വാ സത്തിന് ഇരട്ടത്താപ്പ് നയമില്ല. തുടർന്ന് അദ്ദേഹം ബൈഅത്ത് ചെയ്തു.

ഇദ്ദേഹം നാഷണൽ ആമില മെമ്പറാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ശ്വാമിൽ പോയപ്പോൾ ഹുസൂറിനൊപ്പം ഇദ്ദേഹത്തിനും ലബ്നാൻ പോകാനുള്ള തൗഫീഖ് ലഭിച്ചു. ഈ യാത്രാവേളയിൽ ബാൽബക്കിലുള്ള പുരാവസ്തുക്കളുള്ള പ്രദേശം സന്ദർശിക്കുവാ നുള്ള തൗഫീക്ക് ലഭിച്ചു. ബാൽബക്ക് സന്ദർശിച്ചുകൊണ്ടിരിക്കു മ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) പറഞ്ഞു; ഇവിടെ ഇതേവരെ അന്യദൈവങ്ങളെയാണ് പൂജിച്ചുവന്നത്. അതുകൊണ്ട് ഇന്ന് നാം ഓരോരുത്തരും ഏകനായ അല്ലാഹുവിനെ ആരാധിച്ചു കൊണ്ട് രണ്ട് റകഅത്ത് നമസ്കരിക്കുന്നതാണ്. അങ്ങിനെ എല്ലാ വരും നമസ്കരിക്കുകയുണ്ടായി. നല്ല വക്കീലായിരുന്നു. വക്കീൽ ആയതുകൊണ്ട് എന്തിനും തെളിവ് ചോദിക്കുന്ന ഒരു ശീലം അദ്ദേ ഹത്തിനുണ്ടായിരുന്നു. എന്നാൽ ഖിലാഫത്തിനോടുള്ള ബന്ധം കാരണം ഖലീഫത്തുൽ മസീഹ് ഇങ്ങിനെ പറഞ്ഞിട്ടുണ്ടെന്നു പറ ഞ്ഞാൽ പിന്നെ തെളിവൊന്നും ചോദിക്കാറില്ല. അവിടെനിന്ന് തീരു മാനം വന്നിട്ടുണ്ടെങ്കിൽ പിന്നെ ഒന്നും പറയേണ്ടതില്ല എന്നതാണ് അദ്ദേഹത്തിന്റെ നിലപാട് .

ഖലീഫത്തുൽ മസീഹ് നാലാമന്റെ കാലത്ത് പല അഹ്മദി കൾക്കെതിരിലും കേസ്സ് ഫയൽ ചെയ്യപ്പെട്ടിരുന്നു. ആ കേസ്സുക ളെല്ലാം നേരിട്ടത് ഇദ്ദേഹമാണ്. എല്ലാവരേയും മോചിപ്പിക്കുവാനുള്ള അവസരം അല്ലാഹു ഒരുക്കുകയും ചെയ്തു. ഉടനടി മറുപടി പറ യാൻ കഴിവുള്ള വ്യക്തിയായിരുന്നു. ഇദ്ദേഹം വക്കീലായ ചാർജ്ജെ ടുത്ത സന്ദർഭം. വക്കീൽ കോട്ടും ധരിച്ച് അദ്ദേഹം കോടതിയിൽ ഹാജറായി. ചെറുപ്രായമായിരുന്നു. ഇദ്ദേഹത്തെക്കണ്ട് ജഡ്ജ് ചോദിച്ചു. നിങ്ങൾ വക്കീലാണോ? ഉടനെതന്നെ ഇദ്ദേഹം തിരിച്ചു ചോദിച്ചു നിങ്ങൾ ജഡ്ജിയാണോ? ഇത് കേട്ടപ്പോൾ ജഡ്ജ് സ്തംബ്ദ നായി. ജഡ്ജിക്ക് അപമാനിതനാകേണ്ടിവന്നു.

അറബി ഡസ്ക്കിലെ നമ്മുടെ മുബല്ലിഗുമാർ അവിടേക്ക് പഠിക്കാനായി പോകുമ്പോൾ അവരോടും ഇദ്ദേഹം വളരെ വാത്സ ല്ല്യത്തോടെയാണ് പെരുമാറിയിരുന്നത്. അവരുടെ ഭാഷ ശരിപ്പെ ടുത്തുന്നതിലും ഇദ്ദേഹം വളരെയധികം സഹായിച്ചിട്ടുണ്ട്. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കളിലും അഹ്മദിയ്യത്ത് നിലനിറുത്തുമാറാകട്ടെ.

മൂന്നാമത്തെ ജനാസ മിയാൻ റസൂൽ സാഹിബിന്റേതാണ്. നമ്മുടെ മുബല്ലിഗ് മുസഫ്ഫർ അഹ്മദ് ഖാലിദ് സാഹിബിവന്റെ പിതാവാണിദ്ദേഹം. മൂസിയാണ്. ബഹിശ്ത്തീമഖ്ബറയിൽ മറവു ചെയ്തു. സഹാബിയുടെ മകനായിരുന്നു. പല ഗുണങ്ങളുടെയും ഉടമയായിരുന്നു ഇദ്ദേഹം. സദ്പ്രകൃതക്കാരനും തഹജ്ജുദ് അനു ഷ്ഠിക്കുന്ന വ്യക്തിയും പാവങ്ങളോട് സഹതാപം കാണിക്കുന്ന ആളും ആയിരുന്നു. ഇദ്ദേഹത്തിന്റെ ജനാസയിൽ പല അനഹ്മദി കളും പങ്കെടുത്തിരുന്നു. ഞങ്ങളും ഇന്ന് യതീമായി എന്നാണ് അവർ പറയുന്നത്. എം.ടി.എ. മുഖേനയും കാസറ്റ് മുഖേനയും തബ്ലിഗ് ചെയ്യാറുണ്ടായിരുന്നു. പല ബൈഅത്തുകളും ഇദ്ദേഹം മുഖേന നടന്നിട്ടുണ്ട്.

നാലാമത്തേത് നമ്മുടെ ഒരു മുബല്ലിഗ് മുസഫ്ഫർ അഹ്മദ് മൻസൂർ സാഹിബിന്റേതാണ്. 2009 ഒക്ടോബർ 9 നാണ് ഹൃദയാഘാദം മൂലം വഫാത്തായത്. 60 വയസ്സായിരുന്നു പ്രായം. വെസ്റ്റ് ആഫ്രിക്ക, ഐവറിക്കോസ്റ്റ്, മുൽക്കീനോഫാസു എന്നിവിട ങ്ങളിൽ ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇസ്ലാഹോ ഇർശാ ദായായിരുന്നു ഇപ്പോൾ പ്രവർത്തിച്ചിരുന്നത്. കഠിനാദ്ധ്വാനിയായി രുന്നു. ചെറുപ്പത്തിലെ അദ്ദേഹത്തെ എനിക്കറിയാം. അത്ഫാലുൽ അഹ്മദിയ്യായിലും ഖുദ്ദാമുൽ അഹ്മദിയ്യായിലും ഞങ്ങൾ ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ശ്രദ്ധയോടെ പ്രവർത്തിക്കുന്ന ആളായിരുന്നു. അല്ലാഹു എല്ലാവരുടെയും പദവികൾ ഉയർത്തുമാറാകട്ടെ. കുടും ബാങ്ങൾക്ക് ക്ഷമ നൽകുമാറാകട്ടെ. രണ്ട് ആൺകുട്ടികളും പെൺ കുട്ടികളും അദ്ദേഹത്തിനുണ്ട്. അല്ലാഹു എല്ലാവരെയും തന്റെ സംര ക്ഷണത്തിൽ ആക്കട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 23-10 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**